# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആലംകോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.5/2419/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 06/12/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ആലംകോട് ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.5/2419/2023 തീയ്യതി: 06/12/2023

## മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2022 മുതൽ 18-10-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്രലേഖ കെ,കെ എ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 19-10-2023 | 28-10-2023 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 19-10-2023 | 28-10-2023 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുൾ റഷീദ് എം.പി ഓഡിറ്റ് ഓഫീസർ

ശ്രീ.മുഹമ്മദ് ഫാറൂഖ് കെ.പി,അസി.ഓഡിറ്റ് ഓഫീസർ

ശ്രീ.ഇദ്രീസ് അബ്ദുള്ള.എ.സി ഓഡിറ്റർ

ശ്രീമതി.സുജിത പി.കെ ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഷെഹീർ കെ വി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ. അനൂപ് സി എൻ | സെക്രട്ടറി | 01-04-2022 | 11-10-2022 |
| ശ്രീ. ശ്രീജിത്ത് പി | സെക്രട്ടറി | 12-10-2022 | 25-10-2022 |
| ശ്രീ. സുരേഷ് കുമാർ വി വി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 08-11-2022 |
| ശ്രീ. ശ്രീജിത്ത് പി | സെക്രട്ടറി | 09-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(**മുതൽ**)** | തീയതി **(**വരെ**)** |
|---|---|---|---|
| ശ്രീ. സുരേഷ് കുമാർ വി വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീമതി. സുലൈഖാ ബാനു എൻ കെ | ഐ.സി.ഡി.എസ്. സൂപ്പർ വൈസർ | 01-04-2022 | 31-03-2023 |
| ഡോ.ജയ പി.വി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് കെ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ഡോ. ലീന വി.കെ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |
| ഡോ. അനിത പ്രസാദ് | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ. സുരേഷ് ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. പ്രെറ്റി വർഗ്ഗീസ് | വി ഇ ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി.സൂസൻ എബ്രഹാം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ഡോ. ജുൽന | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 01-04-2022 | 27-06-2022 |
| ഡോ. ഷമീന | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 28-06-2022 | 10-07-2022 |
| ഡോ. അനുപമ | മെഡിക്കൽ ഓഫീസർ( പി.എച്ച്.സി) | 11-07-2022 | 31-03-2023 |
| ശ്രീമതി. ഷിഫ | ഡയറി എക്സ്റ്റൻഷൻഓഫീസർ | 01-04-2022 | 29-12-2022 |
| ശ്രീമതി. അനീഷ | ഡയറി എക്സ്റ്റൻഷൻഓഫീസർ | 30-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | രജിസ്റ്ററുകൾ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-5 |
| 7 | വിവാഹധനസഹായമിനത്തിലെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | തനത് വരുമാന സമാഹരണം-അവലോകനം | 1-11 |
| 19 | നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം. | 1-12 |
| 20 | കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല | 1-13 |
| 21 | വസ്തുനികുതി നിർണ്ണയത്തിലെ അപാകത | 1-14 |
| 22 | ഇ-ടെണ്ടർ ഫീ ലഭ്യമായില്ല | 1-15 |
| 23 | അസി.എഞ്ചിനീയർ– കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ | 1-16 |
| 24 | ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചത് ക്രമവിരുദ്ധം- തുക തിരിച്ചടവാക്കേണ്ടതാണ്. | 1-17 |
| 25 | ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു. | 1-18 |
| 26 | വാടക പിരിവിലെ അപാകത | 1-19 |
| 27 | ഭൂമി തരം മാറ്റിയ ആർ ഡി ഒ യുടെ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. | 1-20 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ്- മുഴുവൻ തുകയും ക്രമീകരിച്ചിട്ടില്ല. | 1-21 |
| 29 | ഡെപ്പോസിറ്റ് വർക്ക്-മുഴുവൻ തുകയ്ക്കുള്ള പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല. | 1-22 |
| 30 | തെരുവ് വിളക്ക് പരിപാലനം-അപാകതകൾ | 1-23 |
| 31 | അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും പണം ചെലവഴിച്ചു | 1-24 |
| 32 | മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. | 1-25 |
| 33 | ഹോമിയോ ഹോസ്പിറ്റലിലെ പ്രവർത്തന ചെലവ്- മുൻകൂർ ക്രമീകരിച്ചില്ല. | 1-26 |
| 34 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം | 1-27 |
| 35 | CHC യിലേക്ക് മരുന്ന് വാങ്ങൽ– മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 1(1)/14.07.2023 കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 15.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ആലംകോട് ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം
തീയതി : 06-12-2023

### 1-1-1 എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ -184607645/-രൂപയും, ക്യാഷ് ഫ്ലോ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 14850234/-രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി

നടത്താതെ 31.03.2023 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

### 1-1-4 സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | |
|---|---|---|---|---|---|---|
| | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് | അരിയർ | തന്നാണ്ട് |
| സഞ്ചയ ഡി.സി.ബി | 1719265 | 7704458 | 1526278 | 7431609+*35139 =7466748 | 194423 | 266937 |
| വാർഷിക കണക്ക് | 1771851 | 7704458 | 1525282 | 7402382+*35139=7437521 | 204204 | 280610 |
| * ബുക്ക് അഡ്ജസ്റ്റ്മെന്റ് തുക | | | | | | |

### 1-1-5 രജിസ്റ്ററുകൾ കൃത്യത പരിശോധിക്കാവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1.ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ബാലൻസ് തുകയും വാർഷിക കണക്കിലെ (B-7) തുകയും പൊരുത്തപ്പെടുന്നില്ല.

| | ഡെപ്പോസിറ്റ് രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| Bidders Security Deposit | 5435547 | 5858425 |
| Contractors Retention | 65586 | 85654 |
| Road Cutting Deposit | 21000 | 2000 |
| Auction Deposit | 2386350 | 2466350 |
| Rent Deposit | സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല | 3274918 |

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഹെഡുകളിലെ ക്രമീകരിക്കാനുള്ള തുകയും വാർഷിക കണക്കിലെ (B-18) തുകയും പൊരുത്തപ്പെടുന്നില്ല.

| | അഡ്വാൻസ് രജിസ്റ്റർ | വാർഷിക കണക്ക് |
|---|---|---|
| Festival Advance | 12000 | 0 |
| Advance To Others | 246011 | 1979120 |
| Advnce To KWA | 730000 | 555855 |
| Advnce To KSEB | 1974000 | 2982049 |

3. വാർഷിക കണക്ക് (B-5) പ്രകാരം KURDFC നിന്നുള്ള ലോണിനത്തിൽ 16048824/- രൂപയും കോപ്പറേറ്റീവ് ബാങ്കിൽ നിന്നുള്ള ലോണിനത്തിൽ 5163/- രൂപയും അടവാക്കാൻ ബാക്കിയുണ്ട്. എന്നാൽ ലോൺ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷിക കണക്ക് ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

5. വാടക രജിസ്റ്റർ പ്രകാരം വാടകയിനത്തിലുള്ള വരവ് 2237186/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 2195952/- രൂപയാണ് വരവ്. സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

6. വാർഷിക കണക്ക് പ്രകാരം ലേലമിനത്തിൽ 52500/- രൂപയുടെ വരവുണ്ടെങ്കിലും രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല.

7. വാർഷിക കണക്ക് പ്രകാരം ഫാക്ടറി വ്യാപാരസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസിനത്തിൽ തൻവർഷം 219100/- രൂപയുടെ വരവുണ്ട്. എന്നാൽ രജിസ്റ്ററിൽ തൻവർഷത്തെ വരവ് 219400/- രൂപയാണ്.

8. വാർഷിക കണക്ക് പ്രകാരം സ്ഥാപനതൊഴിൽ നികുതിയിനത്തിൽ തൻവർഷം 113550/- രൂപയുടെ വരവുണ്ട്.

എന്നാൽ രജിസ്റ്ററിൽ തൻവർഷത്തെ വരവ് 73500/- രൂപയാണ്.

### 1-1-6 വിവാഹധനസഹായമിനത്തിലെ ചെലവ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

വിവാഹ ധനസഹായമിനത്തിൽ 180000/- രൂപയുടെ ചെലവുണ്ടെങ്കിലും ആയത് Income & Exp. Schedule I-14(d) യിൽ ഉൾപ്പെട്ടിട്ടില്ല.

### 1-1-7 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ നിന്നും താഴെ പറയും പ്രകാരം വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

| ഇനം | B-4 പ്രകാരം | B-17 പ്രകാരം |
|---|---|---|
| Health Grant Towards Support For Diagnostic Infrastructure To The PHC | 297031 | 136504 |

### 1-2 ബജറ്റ്

| 2022-23ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി | 2022-23ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./തിയ്യതി |
|---|---|
| 1/23.03.2022 | 1/15.03.2023 |

### 1-3 സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 60821809 |
| വരവ് | 199255341 |
| ആകെ | 260077150 |
| ചെലവ് | 184405107 |
| നീക്കിയിരിപ്പ് | 75672043 |

### 1-4 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി (₹) | തൻവർഷ വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്/ ലാപ്സായ തുക (₹) |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 18036753 | 18036753 | 17620729 | 416024 |
| വികസനഫണ്ട് (എസ്.സി.പി.) | 0 | 9425680 | 9425680 | 9405942 | 19738 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 13929000 | 13929000 | 5739670 | 8189330 |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 5278000 | 5278000 | 3607142 | 1670858 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 9443336 | 9443336 | 4862430 | 4580906 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4728617 | 4728617 | 6323755 | 1595138 |

| | | | | | |
|---|---|---|---|---|---|
| (അൺ ടൈഡ്) | | | | | |
| ബി ഫണ്ട് | 0 | 57336200 | 57336200 | 57336200 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 201 | 158428051 | 149 | 78731074 | 0 | 52 | 74.13 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 145450 | 1490779 | 1636229 | 593074 | 1043155 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് (കാപ്പിറ്റൽ വർക്കിനുള്ള ചെലവുൾപ്പെടെ) | 0 | 26319666 | 26319666 | 26319666 | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1976000 | 1342 |
| വിധവാപെൻഷൻ | 16016500 | 10236 |
| വാർദ്ധക്യകാലപെൻഷൻ | 34156700 | 22464 |
| വികലാംഗപെൻഷൻ | 4713400 | 3017 |
| വിവാഹ ധനസഹായം | 180000 | 6 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 473600 | 327 |

കുറിപ്പ്: വിവാഹ ധനസഹായമിനത്തിൽ നൽകിയ തുക വാർഷിക കണക്ക് I-14(d)യിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2023 ന് 10.30 AM മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 30398/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. എങ്കിലും ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തനത് ഫണ്ടിന്റെ ചെലവ് വൗച്ചറുകളിൽ ചേർത്ത ബില്ലുകൾ ക്യാൻസൽ ചെയ്യുന്നില്ല.

2) നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാഷ് ബുക്ക് രേഖപ്പെടുത്തലുകളിൽ അപാകതയുണ്ട്.( വിശദ വിവരം ഖണ്ഡിക 1-16 ൽ ചേർത്തിട്ടുണ്ട്.)

3)ഗ്രാമ പഞ്ചായത്ത് ആർജ്ജിച്ചതും കൈമാറിക്കിട്ടിയതുമായ എല്ലാ ആസ്തികളും ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ ഫലപ്രദമല്ല.( വിശദ വിവരം ഖണ്ഡിക 1-13 ൽ ചേർത്തിട്ടുണ്ട്)

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.12.2021 | ഒക്ടോബർ 2021 | 22.12.2021 |
| എ.ജി ഓഡിറ്റ് | 24.08.2004 | 1997-98 മുതൽ 2003-04 വരെ | 13.09.2004 |

## 1-11 തനത് വരുമാന സമാഹരണം-അവലോകനം

ആറാം സംസ്ഥാന ധനകാര്യകമ്മീഷന്റെ രണ്ടാമത് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരവും, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.07.2023ലെ ഡി.കെ.എസ്.എ.3683/എസ്.എസ്.3/2019 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികളും ആയതിന്റെ പുരോഗതിയും പരിശോധിച്ച് തയ്യാറാക്കിയ അവലോകനം.

**ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം**

ഓഡിറ്റ് വർഷത്തിൽ 14 തവണ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. വരവ് ചെലവ് കണക്ക് അംഗീകാരം, വേക്കൻസി റെമിഷൻ, പൊളിച്ചുകളയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, വിമുക്തഭടന്മാരുടെ വാസഗൃഹങ്ങൾക്ക് നികുതി ഒഴിവാക്കൽ, ബജറ്റ് ഭേദഗതി അംഗീകാരം, നികുതികുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള പ്രവൃത്തനങ്ങൾ ഊർജ്ജിതമാക്കൽ എന്നിവയാണ് പ്രധാന അജണ്ടയായി ചർച്ച ചെയ്തിട്ടുള്ളത്. പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ അവതരിപ്പിച്ചിട്ടില്ല.

ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ റിപ്പോർട്ടിലെ ശുപാർശ പ്രകാരം സാമ്പത്തിക മാനേജ്മെന്റിന്റെ ക്രമമായ പുരോഗതിയ്ക്കായി സ.ഉ (കൈ) നം. 117/2022/എൽ.എസ്.ജി.ഡി, തീയ്യതി 01.06.2022 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവിലെ ക്രമ നം. 2 പ്രകാരം എല്ലാ പ്രാദേശിക സർക്കാരുകളും നികുതിവരുമാനത്തിന്റെ ഡി.സി.ബി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഭരണസമിതി ചർച്ച ചെയ്ത് ഉദ്യോഗസ്ഥർക്ക് നിർദ്ദേശങ്ങൾ നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നടപടികളൊന്നും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയോ പഞ്ചായത്ത് ഭരണസമിതിയോ കൈക്കൊണ്ടതായി കാണുന്നില്ല.

**ബജറ്റ്**

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്ന പ്രകാരമാണ് പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവ് | വ്യത്യാസം |
|---|---|---|---|
| Property Tax | 7800000 | 7437521 | 362479 |
| Profession Tax | 2820000 | 2711825 | 108175 |
| Entertinment Tax | 1500000 | 1432640 | 67360 |
| Rental Income | 4200000 | 2195952 | 2004048 |
| Licence Fees | 400000 | 219100 | 180900 |
| Building Permit | 850000 | 400473 | 449527 |

**വസ്തുനികുതി**

സ.ഉ(കൈ) നം.77/2023/LSGD തീയതി. 22.03.2023 നമ്പർ പ്രകാരം കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 02.05.2023 തീയതിയിലെ

LSGD/PD/20073/2023-REV2 നമ്പർ കത്ത് പ്രകാരം വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ട നടപടിക്രമങ്ങളും ആയതിനുള്ള സമയപരിധിയും നിശ്ചയിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി അടുത്ത അഞ്ചു വർഷങ്ങളിലേക്ക് ഓരോ വർഷവും നിലവിലുള്ള നിരക്കിന്റെ 5% വീതം 01.04.2023 പ്രാബല്യത്തിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്.

2. നിലവിലുള്ള അടിസ്ഥാന വസ്തുനികുതി നിരക്ക് പുതുക്കി നിശ്ചയിക്കുന്ന അന്തിമ തീരുമാനം എടുക്കുന്നതിനു മുന്നോടിയായി അതിന്റെ ഉദ്ദേശത്തെ സംബന്ധിച്ചും നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയും നിരക്കുകളും കാണിച്ചു കൊണ്ടും ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചു കൊണ്ടുമുള്ള നോട്ടീസ് (പ്രാഥമിക നോട്ടീസ്) 19.04.23ലെ പഞ്ചായത്ത് ഭരണസമിതി യോഗം 1/1 നമ്പർ തീരുമാന പ്രകാരം പരസ്യപ്പെടുത്തിയിരുന്നു.

3. സ.ഉ (അച്ചടി) നം. 25/2023/എൽ.എസ്.ജി.ഡി, തിയ്യതി 05.04.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്കുകൾക്ക് വിധേയമായി കെട്ടിടങ്ങൾക്ക് അവയുടെ ഉപയോഗ ക്രമത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമ വിജ്ഞാപനം 30.06.2023 ന് മുമ്പായി പുറപ്പെടുവിക്കേണ്ടതായിരുന്നുവെങ്കിലും 30.09.23 ലെ 3/1 ഭരണസമിതി തീരുമാനപ്രകാരമാണ് അന്തിമമാക്കിയിട്ടുള്ളത്. സഞ്ചയയിൽ പുതുക്കിയ വസ്തു നികുതി നിരക്കുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

4. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ഒന്നാം പട്ടികയിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചാണ് മേഖലകൾ തരം തിരിക്കേണ്ടത്. എന്നാൽ മുമ്പ് നിശ്ചയിച്ച മേഖലകൾ അതേപടി നിലനിർത്തുകയാണ് ചെയ്തിട്ടുള്ളത്.

5. വസ്തു നികുതി നിർണ്ണയിക്കപ്പെട്ട ശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗത്തിലോ വരുത്തുന്ന മാറ്റം യഥാസമയം രേഖാമൂലം അറിയിക്കാത്ത കെട്ടിട ഉടമക്ക് 2023 മെയ് 15 നകം ഫോറം 9 B ഉപയോഗിച്ച് ഓൺലൈനായോ നേരിട്ടോ അറിയിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ലഭിച്ച 462 അപേക്ഷകളിൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി 30.06.2023 ന് മുമ്പായി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കേണ്ടതായിരുന്നുവെങ്കിലും നാളിതു വരെ ആരംഭിച്ചിട്ടില്ല. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കാവുന്നതാണ്. എന്നാൽ വിവര ശേഖരണത്തിനായി ഇത്തരത്തിലുള്ള നിയമനം നടത്തുന്നതിനായി യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചെങ്കിലും 1 അപേക്ഷ മാത്രമാണ് ലഭിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതി പരിഷ്കരണം നടപ്പലാക്കുന്നതിനായി ഐ ടി ഐ സിവിൽ ഡ്രാഫ്റ്റ്മാൻ കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് ലഭ്യമാക്കുന്നതിനായി വികുറി ഐ ടി ഐ , എടപ്പാൾ - പ്രിൻസിപ്പാളിന് കത്ത് അയച്ചിട്ടുണ്ടെങ്കിലും ലിസ്റ്റ് ഇതു വരെ ലഭ്യമായിട്ടില്ല.

**സേവന ഉപനികുതി**

2011ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിലെ ചട്ടം 26, 27 എന്നിവയനുസരിച്ച്, ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്നും, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവു വിളക്കുകളും ഡ്രൈനേജും തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ താഴെപറയുന്ന പ്രകാരം ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

| സേവനം | ചുമത്താവുന്ന കുറഞ്ഞ സേവന ഉപനികുതി |
|---|---|
| ശുചിത്വ പരിപാലനം | വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക |
| ജല വിതരണം | വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക |
| തെരുവു വിളക്കുകൾ | വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക |

| | |
|---|---|
| ഡ്രൈനേജ് | വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക |

ഗ്രാമപഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. തനത് വരുമാനം മെച്ചപ്പെടുത്തുന്നതിന് സേവന ഉപനികുതിയുടെ സാധ്യതകൾ പരിഗണിക്കാവുന്നതാണ്.

**തൊഴിൽ നികുതി**

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് കാര്യക്ഷമമായ കൂടുതൽ നടപടികൾ ആവശ്യമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

1. 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഏതെങ്കിലും കമ്പനിയോ വ്യക്തിയോ ഒരു അർദ്ധവർഷത്തേക്ക് തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരാണെങ്കിൽ അങ്ങിനെയുള്ള കമ്പനിയോട്/വ്യക്തിയോട് ഒരു റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെടാവുന്നതും ചട്ടം 18 പ്രകാരം സെക്രട്ടറി നികുതിദായകരുടെ ബിൽ/ഡിമാന്റ് നോട്ടീസ് തയ്യാറാക്കി തൊഴിലുടമക്ക് അയക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. ആലംകോട് ഗ്രാമപഞ്ചായത്തിൽ മുൻവർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നു മാത്രമാണ് തൊഴിൽ നികുതി ഈടാക്കി വരുന്നത്.

2. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സി എസ്) എ9-764/2019 സർക്കുലർ, ജി.ഒ (പി) 143/2008 തസ്വഭവ/തീയതി. 27.05.2008 സർക്കാർ ഉത്തരവ് എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഗ്രാമപഞ്ചായത്ത് ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ലൈസൻസ് ഫീസ്**

1.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ ചട്ടം 10 ലെ പട്ടിക-II പ്രകാരം വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് നിശ്ചയിച്ചതായി കാണുന്നില്ല.

2.പഞ്ചായത്ത് പരിധിയിലെ വ്യാപാര സ്ഥാപനങ്ങളെയും വാർഡടിസ്ഥാനത്തിൽ ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നുണ്ടെങ്കിലും പുതുതായി ആരംഭിക്കുന്ന സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നില്ല. അതു കൊണ്ടു ഗ്രാമപഞ്ചായത്ത് പരിധിയിലെ മുഴുവൻ സ്ഥാപനങ്ങളും ലൈസൻസ് എടുത്തു തന്നെയാണോ പ്രവൃത്തിക്കുന്നത് എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ല. ആയതിനാൽ ഫീൽഡ് തല പരിശോധന നടത്തി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വ്യാപാര-വ്യവസായ സ്ഥാപനങ്ങളെ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പുതുക്കേണ്ടതും മുഴുവൻ സ്ഥാപനങ്ങളും ലൈസൻസെടുക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

3. വാടക

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ 13 റൂമുകൾ നിലവിൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്. അവ ലേലം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടകയിനത്തിൽ വൻ തുക കുടിശ്ശികയായി പിരിഞ്ഞു കിട്ടാനുണ്ട്. അവ യഥാസമയം പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.(കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.)

മറ്റിനങ്ങൾ

1. ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ/ആശുപത്രികൾ, പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിൽ ചട്ട പ്രകാരം ഉള്ള ഫീസ് ഈടാക്കി രജിസ്ട്രേഷൻ എടുത്തു/പുതുക്കി എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2.പഞ്ചായത്തിലെ കാലഹരണപ്പെട്ട ആസ്തികൾ, പാഴ്വസ്തുക്കൾ എന്നിവയുടെ ലേലം യഥാസമയം നടത്തുന്നതിന്

നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 നിക്ഷേപ പ്രവൃത്തികളിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ - അവലോകനം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ മുൻകൂറായി തുക ഡിപ്പോസിറ്റ് ചെയ്യുകയാണ് ചെയ്തു വരുന്നത്. സാങ്കേതിക കാരണങ്ങളാൽ പ്രവൃത്തി ഉപേക്ഷിക്കുകയോ, പൂർത്തീകരിക്കാതിരിക്കുകയോ ചെയ്യുമ്പോൾ ഡിപ്പോസിറ്റ് ചെയ്ത തുക പൂർണമായും, പൂർത്തീകരിച്ച പ്രവൃത്തികളിൽ വിനിയോഗ സാക്ഷ്യപത്രം/ മൂല്യ നിർണ്ണയം പ്രകാരമുള്ള തുക കഴിച്ചുള്ള തുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരിച്ച് നൽകുന്നതിൽ ഏജൻസികൾ വീഴ്ച്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

12, 13 പഞ്ചവത്സരപദ്ധതി കാലയളവിൽ (2012-13 മുതൽ 2021-22വരെ) പദ്ധതി നിർവ്വഹണത്തിന് വേണ്ടി വിവിധ ഏജൻസികളിൽ ഡിപ്പോസിറ്റ് ചെയ്ത ചുവടെ ചേർത്തിട്ടുള്ള പ്രവൃത്തികളിൽ മുൻകൂർ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ര.നം | സാമ്പത്തിക വർഷം | പ്രൊജക്റ്റ് പേര് | Impl Code | ഏജൻസി | മുൻകൂർ നൽകിയ തുക | പൂർത്തീകരണ വിവരം/ഫണ്ട് ഇനം | ചെലവഴിക്കാൻ അവശേഷിക്കുന്ന / ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|
| 1 | 2016-17 | AMLPS ആശാരികോളനി പൊതുടാപ്പ് നീട്ടൽ | Sec | KWA | 50000 | ലഭ്യമല്ല | 50000 |
| 2 | 2017-18 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | Sec | KWA | 200000/-<br>30000/- | ലഭ്യമല്ല | 200000/-<br>30000/- |
| 3 | | ലൈൻ എക്സ്റ്റെൻഷൻ | | KSEB | 600000 | പൂർത്തീകരണ വിവരം ലഭ്യമല്ല | 600000 |
| 4 | 2018-19 | പ്രോ.നം11/19 പൈപ്പ് ലൈൻ നീട്ടൽ | Sec | KWA | 500000 | ലഭ്യമല്ല | 500000 |
| 5 | | 1.പ്രോ.നം61/19 ഗവ. ഹോമിയോ ഡിസ്പൻസറി കുഴൽ കിണർ നിർമ്മാണം | Sec | GWD | 33400 | പൂർത്തീകരിച്ചു. യു.സി ലഭിച്ചില്ല. | 33400 |
| | | 2.പുഞ്ചിരിക്കുന്ന് കുടിവെള്ള പദ്ധതി കുഴൽകിണർ നിർമ്മാണം | | | 38174 | പൂർത്തീകരിച്ചു. യു.സി ലഭിച്ചില്ല. | 38174 |
| 6 | 2019-20 | 9ാം വാർഡിലെ MTV/28/1 നം ഇലക്ട്രിക് പോസ്റ്റ് മാറ്റിവെക്കുന്നതിനായി കെ എസ് സി ബി അസി. എഞ്ചിനീയർ ചാലിശ്ശേരിക്ക് നൽകിയ തുക | Sec | KSEB | 9324/- | തനത് ഫണ്ട് | 9324 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നം. 01/21.10.23) ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം 1460898 രൂപ വിനിയോഗ സാക്ഷ്യപത്രം ലഭിക്കാതെ വിവിധ ഏജൻസികളിൽ അവശേഷിക്കുന്നുണ്ട്. ആയത് പ്രോജക്റ്റ് പ്രകാരമുള്ള പ്രവൃത്തികൾക്ക് വിനിയോഗിച്ചതിന്റെ വിവരം അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക തിരികെ ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതും, പ്ലാൻ ഫണ്ട് വിഹിതം സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതുമാണ്.

## 1-13 കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ 2022- 23 വർഷ വാർഷിക ധനകാര്യ പത്രിക പ്രകാരം (B-15) താഴെ പറയുന്ന ഇനങ്ങളിലായി ₹ 42,82,939/-രൂപ കുടിശ്ശിക ഉള്ളതായി കാണുന്നു.

| ഇനം | കുടിശ്ശിക |
|---|---|
| വസ്തു നികുതി | 484841 |
| കെട്ടിട വാടക | 3754959 |
| ബസ്സ്സ്റ്റാന്റ് ഫീ | 43166 |
| ആകെ | 4282939 |

കുടിശ്ശിക ഈടാക്കുന്നതിന് കേരള പഞ്ചായത്ത് രാജ് നിയമം, ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (06/25.10.23) ന് ബസ്സ്സ്റ്റാന്റ് ഫീ ഇനത്തിലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ള തുക ഈടാക്കുന്നതിനനുസരിച്ച് അറിയിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-14 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ (പഴയ നിരക്ക് )താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ തറ വിസ്തീർണ്ണമുള്ളവ : 50/- രൂപ / ച.മീ.

ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച താഴെ പറയുന്ന കെട്ടിടങ്ങളിൽ മുഴുവൻ റൂമുകൾക്കും 50 രൂപ പരിഗണിക്കേണ്ടതിനു പകരം ചില റൂമുകൾക്ക് 50 രൂപയും ചിലറൂമുകൾക്ക് 30 രൂപയും അടിസ്ഥാന വസ്തുനികുതി കണക്കാക്കിയിരിക്കുന്നു.

| ക്രമനം | പേര് | കെട്ടിട നമ്പർ | തറ വിസ്തീർണ്ണം ($M^2$) | നിർണ്ണയിച്ച അടിസ്ഥാന വസ്തു നികുതി | നിർണ്ണയിക്കേണ്ടത് |
|---|---|---|---|---|---|
| 1 | ശ്രീ രമിൽ, കുനത്ത് | XVII/897 A | 94.47 | 30 | 50 |
| | | XVII/897 B | 118.76 | 50 | 50 |
| 2 | ശ്രീമതി ബിന്ദു മോഹനൻ, ശ്രീ ഷാജി | XVI/1100A | 38.16 | 30 | 50 |
| | | XVI/1100B | 38.16 | 30 | 50 |
| | | XVI/1100C | 37.38 | 50 | 50 |
| | | XVI/1100C | 37.38 | 50 | 50 |

തൻവർഷം തന്നെ 100 M2 മുകളിലുള്ളതും വിവിധ നമ്പറുകൾ അനുവദിച്ച മറ്റു കെട്ടിടങ്ങൾക്ക് 50/m2 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്. ഉദാ: ശ്രീ.മൊയ്തുണ്ണി എന്നയാളുടെ XVIII/38 H,I,J,K,L,M എന്നീ റൂമുകളടങ്ങിയ ആകെ 156.48 ച.മീ. തറ വിസ്തീർണ്ണമുള്ള കെട്ടിടത്തിന് 50/- രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.

കേരള പഞ്ചായത്ത് രാജ് നിയമം 203(3) വകുപ്പ് പ്രകാരം ഒരേ ഇനത്തിന് അല്ലെങ്കിൽ അതിന്റെ ഉപവിഭാഗത്തിൽ പെട്ട എല്ലാ കെട്ടിടങ്ങൾക്കും ഗ്രാമപഞ്ചായത്ത് പ്രദേശത്ത് എല്ലായിടത്തും ഒരേ അടിസ്ഥാന വസ്തു നികുതി നിരക്ക് ആയിരിക്കേണ്ടതാണ്. ചില കെട്ടിടങ്ങൾക്ക് 30 രൂപയിലും മറ്റു ചില കെട്ടിടങ്ങൾക്ക് 50 രൂപ നിരക്കിലും ഒരേ ഉപയോഗതരത്തിലുള്ള കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വിവേചനപരവും 203(3) വകുപ്പിന്റെ ലംഘനവുമാണ്. ആയതിനാൽ തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിക്കേണ്ടതും കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതുമാണ്. മേൽ അപാകത കാണിച്ച് ഓഡിറ്റ് എൻക്വയറി(എൻക്വയറി നം.15/27.10.2023) നൽകിയിരുന്നതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. തെറ്റായ നിരക്കിൽ നിർണ്ണയിച്ച നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം പിരിച്ചെടുത്ത് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഇ-ടെണ്ടർ ഫീ ലഭ്യമായില്ല

ആലംകോട് ഗ്രാമ പഞ്ചായത്തിൽ ഇ-ടെണ്ടർ മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കുന്ന തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ഗ്രാമ പഞ്ചായത്തിലേക്ക് ലഭിച്ചിട്ടില്ല.ആയത് ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി

കത്തിടപാടുകൾ നടത്തിയതായി ഫയലിൽ രേഖകൾ ഉണ്ടെങ്കിലും ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തനത് ഫണ്ടിലേക്ക് വരവ് വെക്കേണ്ട ടെണ്ടർ ഫീ ലഭ്യമാവുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അസി.എഞ്ചിനീയർ- കാഷ് ബുക്ക് എഴുതുന്നതിലെ അപാകതകൾ

ഒരു ഓഫീസിലെ സാമ്പത്തിക ഇടപാടുകളുടെ അടിസ്ഥാന രേഖയാണ് കാഷ്ബുക്ക്. കേരള ട്രഷറി കോഡ് റൂൾ 92 പ്രകാരം എല്ലാ സർക്കാർ ഓഫീസുകളിലും TR7A മാതൃകയിലുള്ള കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച GO(P) 177/2006/Fin Dt 12.04.2006 നം ഉത്തരവിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ നിർവഹണോദ്യോഗസ്ഥരും നിശ്ചിത മാതൃകയിലുള്ള കാഷ്ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുമുണ്ട്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഓഫീസിന്റെ വരവ് -ചെലവ് രേഖകൾ പരിശോധിച്ചതിൽ ഓഫീസിലെ കാഷ്ബുക്ക് ശരിയായി എഴുതി സൂക്ഷിച്ചിട്ടില്ല എന്ന് വ്യക്തമായി.

അപാകതകൾ താഴെ നൽകുന്നു.

1.കാഷ്ബുക്ക് ദിനേന, പ്രതിമാസ/വാർഷിക ക്ലോസിംഗ് നടത്തിയിട്ടില്ല.
2.വരവുകളുടെ തിയ്യതി/ ബിൽ നമ്പർ ,റിക്കവറി വിശദാംശങ്ങൾ എന്നിവ രേഖപ്പെടുത്തിയിട്ടില്ല

3.അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലെ വരവ്, ചെലവ്, നീക്കിയിരുപ്പ് വിവരങ്ങൾ കാഷ്ബുക്കിൽ ചേർത്തിട്ടില്ല.
4 റികൺസിലിയേഷൻ നടത്തിയിട്ടില്ല.

കാഷ്ബുക്കിലെ മേൽ പരാമർശിച്ച അപാകതകൾ പരിഹരിക്കേണ്ടതാണ്

## 1-17 ചെയ്യാത്ത ഇനത്തിന് തുക അനുവദിച്ചത് ക്രമവിരുദ്ധം- തുക തിരിച്ചടവാക്കേണ്ടതാണ്.

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ
പ്രൊജക്ട് 74/23 കോലിക്കര 157 നമ്പർ അംഗനവാടി ചുറ്റുമതിൽ നിർമ്മാണം
അടങ്കൽ - 9,90,000 (MG-NR- 982350, തനത് ഫണ്ട്- 7650)
ചെലവ്- ഒന്നാം പാർട്ട് ബിൽ 264223 BRN -22151252035601220822/21.2.23
രണ്ടാം പാർട്ട് ബിൽ 233207BRN -22151252035601558440/29.3.23

എം.ബുക്ക് -9/22-23

കരാർ- 2/AE/LSGD/ALKD/22-23 Dt 21.5.22
TS- 2021-22/10893/5.3.2022

26.10.2023 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ പ്രസ്തുത പ്രവൃത്തി നേരിട്ട് പരിശോധിച്ചതിൽ എം.ബുക്ക് ഇനം 1.9 (പേജ് നമ്പർ 27-29) Finishing Walls With Acrylic Smooth Exterior Paint Of Required Shade Etc(13.46.1) എന്ന ഇനം ചെയ്തതായി കണ്ടില്ല. വൈറ്റ് സിമന്റ് പ്രൈമറി കോട്ട് മാത്രം ചെയ്തിട്ടുണ്ട്. 170.846 ച.മീ ന് 176.57/ച.മീ നിരക്കിൽ 30166.27 രൂപ + GST 12% ഈയിനത്തിന് അനുവദിച്ചിട്ടുണ്ട്.

അതിനാൽ കരാറുകാരന് ഈയിനത്തിൽ അധികം നൽകിയ 33786 രൂപ (30166.27+ GST 12%) തിരിച്ചടവാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് ( 14/27.10.23) മറുപടിയായി പ്രൈമറി കോട്ട് ചെയ്യുന്നുണ്ടായിരുന്നു എന്നും ബാക്കി പെയിന്റിംഗ് കൂടി പൂർത്തീകരിക്കും എന്നാണ് കോൺട്രാക്ടർ അറിയിച്ചത്. ഇന്റർലോക്കിംഗ് കൂടി ചെയ്യാനുള്ളതിനാൽ ഫിനിഷിംഗ് കോട്ട് പെൻഡിംഗ് വന്നതാണെന്നും ആയത് പൂർത്തീകരിക്കുമെന്നും പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കുന്ന സമയത്ത് ആയത് ചെയ്തതായി ഉറപ്പു വരുത്തുന്നതാണെന്നും അറിയിച്ചു.
ചെയ്യാത്ത പ്രവത്തി ചെയ്തതായി അളവ് രേഖപ്പെടുത്തുകയും ചെക്ക് മെഷർ ചെയ്ത് തുക അനുവദിക്കുകയും ചെയ്തത് ക്രമപ്രകാരമുള്ള നടപടിയല്ലാത്തതിനാൽ അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടി സ്വീകാര്യമല്ല. അധികം നൽകിയ തുക തിരിച്ചടവാക്കി അറിയിക്കേണ്ടതാണ്.

## 1-18 ഡ്രൈനേജ് ബെഡ് കോൺക്രീറ്റിന് അധിക നിരക്ക് അനുവദിച്ചു.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച താഴെ കൊടുത്ത ഡ്രൈനേജ് നിർമ്മാണ പ്രവൃത്തികളിൽ ഡ്രൈനേജിന് വേണ്ടി മണ്ണ് കിളച്ച് മാറ്റിയ പ്രതലത്തിൽ **1:3:6** സിമന്റ് കോൺക്രീറ്റ് ചെയ്തതിന് മോർഡ് സ്പെസിഫിക്കേഷൻ കോഡ് **11.4.1.1** പ്രകാരമുള്ള നിരക്കാണ് **(@7841.68/m3 (DSoR 2018, COI.36.44%)** നൽകിയിട്ടുള്ളത്. ഈ ഡാറ്റ പ്രകാരമുള്ള പ്രവൃത്തിയിൽ സെന്ററിംഗിനുള്ള നിരക്കും ഉൾപെടുന്നുണ്ട്. ഡ്രൈനേജിനായി മണ്ണ് കിളച്ചെടുത്ത പ്രതലത്തിൽ മുഴവൻ

നീളത്തിലും വീതിയിലുമായി സിമന്റ് കോൺക്രീറ്റ് ചെയ്യുന്നതിന് സെന്ററിംഗ് ആവശ്യമില്ലാത്തതിനാൽ സെന്ററിംഗിനുള്ള നിരക്ക് ഒഴിവാക്കിയാണ് **(Od.@7540.08/m$^3$ (DSoR 2018, COl.36.44%)** നിരക്ക് അനുവദിക്കേണ്ടിയിരുന്നത്. ആയത് ചെയ്യാതിരുന്നതിനാൽ പ്രൊജക്ടുകളിൽ അധികച്ചെലവ് വന്നിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| പ്രവൃത്തി | ഇനം. അളവ് | നൽകിയ തുക (കോഡ് 11.4.1.1) | നൽകാവുന്ന തുക | അധികം ( GST അടക്കം) |
|---|---|---|---|---|
| 1)<br>പ്രൊജക്ട് : 17/23, (260/22) കൊടക്കാട്ടു കുന്ന് റോഡ് ഡ്രൈനേജ് നിർമ്മാണം<br>അടങ്കൽ : 500000 CFC (Untied)<br>TS നം :1159/2022-23 Dtd. 1.6.2022 DsoR (MoRD) 2018, 36.44%<br>ചെലവ്: 425959 രൂപ ബിൽ നമ്പർ- 331/16.3.2023<br>കരാർ നം : 5/AE/LSGD /ALKD/22-23/11.82022 (Quoted- 388975.97)<br>കരാറുകാരൻ : ശ്രീ.വേണുഗോപാലൻ<br>എംബുക്ക് -ഇ.എം ബുക്ക് | ഇനം.2 8.118 M3 | 8.118x6837.9 (12.8% Below-Quoted Rate)/m3 =55510.4 | 8.118x6574.94= 53375.36 | 2519 രൂപ (2135+18%) |
| 2)<br>പ്രൊജക്ട് : 19/23, മാമാണിപ്പടി ഉദിനുപറമ്പ് ഡ്രൈനേജ് നിർമ്മാണം.<br>അടങ്കൽ : 1630500 CFC (Untied)<br>TS നം :3906/2022 DT 1.7.22 DsoR (MoRD) 2018, 36.44%<br>ചെലവ്-<br>947198 രൂപ ഒന്നാം പാർട്ട് ബിൽ തിയ്യതി- 332/16.3.2023 (ആകെ ചെലവ്: 1360115 രൂപ (2023-24 ൽ ഫൈനൽ ബിൽ 412917 രൂപ)<br>കരാർ നം : 8/AE/LSGD /ALKD/22-23/22.8.2022 (1230310.66 രൂപ) | ഇനം.2 27.341/m3 | 27.341x 6641/m3 (Quoted Rate 15.31% Below) =181571.58 | 27.341x6385.69 (@7540.08x 15.31% Below) = 174591.15 | 8236 രൂപ (6980+GST 18%) |

| | | | | |
|---|---|---|---|---|
| കരാറുകാരൻ : ശ്രീ.റഫീക്ക്.കെ.എ<br>എംബുക്ക് നം: ഇ.എംബുക്ക് | | | | |
| 3)<br>പ്രൊജക്ട് : 18/23, മാന്തടം മേത്തക്കാവിൽ ഡ്രൈനേജ് നിർമ്മാണം<br>അടങ്കൽ : 500000 CFC (Untied)<br>TS നം :2038/2022-23 DT 14.6.2022 DsoR (MoRD) 2018, 36.44%<br>ചെലവ്: 375764 രൂപ ബിൽ നമ്പർ- 321/10.3.2023<br>കരാർ നം : 6/AE/LSGD /ALKD/22-23/11.82022 (Quoted- 388975.97)<br>കരാറുകാരൻ : ശ്രീ.വേണുഗോപാലൻ. പി<br>എംബുക്ക് -ഇ.എം ബുക്ക് | ഇനം.2 8.765/m3 | 8.765x 6602.69/m3 (Quoted Rate 15.8% Below)= 57872.58 | 8.765x 6348.74 (@7540.08x 15.8% Below) = 55646.70 | 2627 രൂപ (2225.88+GST 18%) |

അധികച്ചെലവ് വന്ന 13382 രൂപ തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ അപാകതക്ക് തൃപ്തികരമായ വിശദീകരണം നൽകുകയോ ചെയ്യേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 13/27.10.2023 നമ്പർ അന്വേഷണക്കുറിപ്പിന് അധികമായി നൽകിയ തുക കരാറുകാരിൽ നിന്നും ഈടാക്കി തിരികെ അടക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കി. തുക ഈടാക്കുന്നത് വരെ ഈയിനത്തിലെ അധിക ചെലവായ 13382 രൂപ തടസ്സത്തിൽ വെക്കുന്നു. അടവു വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-19 വാടക പിരിവിലെ അപാകത

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന താഴെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും 2019-20 സാമ്പത്തിക വർഷം മുതലുള്ള വാടക ഈടാക്കാൻ അവശേഷിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമനം. | കെട്ടിട നം | **പേര്, വിലാസം** | **2021-22 ലെ മാസ വാടക** | **കുടിശ്ശികയുള്ള വാടക** | | | | ആകെ |
|---|---|---|---|---|---|---|---|---|
| | | | | 2019-20 | 2020-21 | 2021-22 | 2022-23 | |
| 1 | XVII/438 | ഗോപിനാഥൻ, വടക്കേപുരക്കൽ | 3249 | - | - | - | 9747 | 9747 |
| 2 | XVII/422 | മൻസൂർഖാൻ, വീരാളിപ്പുറത്ത് | 3621 | - | 22995 | 20694 | 43452 | 87141 |
| 3 | XVII/423 | നൌഫൽ കോട്ടപ്പുറത്ത് വളപ്പിൽ | 10997 | - | - | - | 109970 | 109970 |
| 4 | XVII/424 | അബ്ദുള്ളക്കുട്ടി,പീടിയേക്കൽ | 3900 | - | - | - | 27300 | 27300 |
| 5 | XVII/425 | അബ്ദുള്ളക്കുട്ടി,പീടിയേക്കൽ | 5161 | - | - | - | 61932 | 61932 |
| 6 | XVI/547 F | സെറീന വെള്ളത്തേടത്ത് പറമ്പിൽ | 7779 | - | 70560 | 44454 | 93348 | 208362 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | XVI/547 G | സെറീന വെള്ളത്തേടത്ത് പറമ്പിൽ | 7005 | - | 63530 | 40026 | 84060 | 187616 |
| 8 | XVI/547 H | ആസിയ , വലിയകത്ത് | 7005 | - | 63530 | 40026 | 84060 | 187616 |
| 9 | XVI/547 J | മജീദ്, കോലാടിക്കൽ | 19272 | 199776 | 174800 | 110124 | 231264 | 715964 |
| 10 | XVI/547 P | അജോയ് തമ്പി | 4712 | - | - | - | 18848 | 18848 |
| 11 | XVI/547 T | സൈഫുദ്ദീൻ, കൊട്ടിലവളപ്പിൽ | 2591 | - | - | - | 31092 | 31092 |
| 12 | XVI/547 U | സൈഫുദ്ദീൻ, കൊട്ടിലവളപ്പിൽ | 2591 | - | - | - | 31092 | 31092 |
| 13 | XVI/547 W | സൈഫുദ്ദീൻ, കൊട്ടിലവളപ്പിൽ | 14388 | - | - | - | 172656 | 172656 |
| 14 | XVI/547 X | അബ്ബാസ് അലി, മരോളിയിൽ | 11218 | - | - | - | 134616 | 134616 |
| 15 | XVI/547 Y | അബ്ബാസ് അലി, മരോളിയിൽ | 11218 | - | - | - | 134616 | 134616 |
| 16 | XVI/547 Z | അബ്ബാസ് അലി, മരോളിയിൽ | 11218 | - | - | - | 134616 | 134616 |
| 17 | XVI/547 Z1 | അബ്ദുൾ ഖാദർ | 3418 | - | - | - | 41016 | 41016 |
| 18 | XVI/547 Z2 | അബ്ദുൾ ഖാദർ, കുമ്പിളവളപ്പിൽ | 3418 | - | - | - | 41016 | 41016 |
| 19 | XVI/547 Z3 | ജയപ്രകാശ്, നടുവിലവളപ്പിൽ | 6275 | - | 39837 | 35856 | 75300 | 150993 |
| 20 | XVI/547 Z4 | ജയപ്രകാശ്, നടുവിലവളപ്പിൽ | 4712 | - | 29918 | 26928 | 56544 | 113390 |
| 21 | XVI/547 Z10 | ജയപ്രകാശ്, കോട്ടയിൽ | 8104 | - | - | 7718 | 97248 | 104966 |
| 22 | XVI/547 Z14 | ശിവകുമാർ, വെമ്പള്ളി | 21028 | - | - | 120162 | 252336 | 372498 |
| 23 | XVI/547 Z9 | വില്ലേജ് ഓഫീസ് | 6379 | - | - | 30375 | 76548 | 106923 |
| 24 | XVI/547 Z11 | വില്ലേജ് ഓഫീസ് | 8505 | - | - | 40500 | 102060 | 142560 |
| 25 | XVI/547 Z12 | വില്ലേജ് ഓഫീസ് | 8505 | - | - | 40500 | 102060 | 142560 |

വാടക കുടിശ്ശിക ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം അറിയിക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (7/25.10.2023)ക്ക് ക്രമ നം.1 പ്രകാരമുള്ള വാടകക്കാരന് വാടക അടവാക്കുന്നതിനായി നോട്ടീസ് അയച്ചിട്ടുണ്ടെന്നും ക്രമ നം.3,4,5,6 പ്രകാരമുള്ള വാടകക്കാർ കുറച്ചുതുക അടവാക്കിയിട്ടുണ്ടെന്നും ബാക്കിതുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബോർഡ് തീരുമാനത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും ക്രമ നം. 8 മുതൽ 17 വരെയുള്ള വാടകക്കാർ റൂം ഒഴിയുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും അവരുടെ വാടക കുടിശ്ശിക ഡെപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കുന്നതിനും ബാക്കി തുക അവരിൽ നിന്നു തന്നെ ഈടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ക്രമ നം.7,18 മുതൽ 22 വരെയുള്ള വാടകക്കാരിൽ നിന്നും കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് ബോർഡ് തീരുമാനത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും ക്രമ നം.23,24,25 പ്രകാരം ആലംകോട് വില്ലേജ് ഓഫീസിനായി നൽകിയിട്ടുള്ള(നവംബർ /2021 മുതൽ) മുറികളുടെ വാടക അടവാക്കുന്നതിനായി ആലംകോട് വില്ലേജ്

ഓഫീസർക്കും പൊന്നാനി തഹസിൽദാർക്കും കത്തുകളയച്ചിട്ടുണ്ടെന്നും എന്നാൽ നാളിതുവരെയായിട്ടും വാടകയൊന്നും തന്നെ അടവാക്കിയിട്ടില്ലെന്നും വാടക അടവാക്കുന്നതിനായി നിലവിൽ അലോട്ട്മെന്റ് ലഭ്യമല്ലെന്നും അലോട്ട്മെന്റ് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശിക തുക അടവാക്കാമെന്നും തഹസിൽദാർ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാടക കുടിശ്ശിക പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതും തുടർനടപടി വിവരം അറിയിക്കേണ്ടതുമാണ്.

## 1-20 ഭൂമി തരം മാറ്റിയ ആർ ഡി ഒ യുടെ ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

**നമ്പറിങ്ങിനായും ക്രമവൽക്കരണത്തിനായും സമർപ്പിച്ച ചുവടെ ചേർത്ത അപേക്ഷ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകത കാണുന്നു.**

| | |
|---|---|
| അപേക്ഷകന്റെ പേര് | ശ്രീ. നാസർ കുന്നംപാടത്ത് |
| ഫയൽ നമ്പർ | 400924/BRRL01/GPO/2022/4637 തീ.04.11.2022 |
| സർവ്വെ നമ്പർ | 110/1-8,110/2-9 |
| താലൂക്ക് | പൊന്നാനി |
| വില്ലേജ് | ആലംകോട് |
| പെർമിറ്റ് നമ്പർ | A-3/77/15-16 തീ.26.05.2015 |

110/1-8,110/2-9 സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട 23 ആർ 66സ്ക്വ മീ ഭൂമിയുടെ തരം കൈവശാവകാശ സർട്ടിഫിക്കറ്റിൽ നഞ്ച ഭൂമി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. മേൽ സ്ഥലത്ത് 173.99 M2 വാസഗൃഹം പണിയുന്നതിനാണ് പഞ്ചായത്ത് അനുമതി നൽകിയിട്ടുള്ളത്. എൽ എസ് ജി ഡി ഓവർസീയർസ്ഥലപരിശോധന നടത്തിയതിൽ 188.68 M2 നിർമ്മാണം നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് ഏരിയയിൽ നിന്നും കൂടുതലായി നിർമ്മിച്ച 14.69 M2 ക്രമവൽക്കരണഫീസ് ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുമുണ്ട്. എന്നാൽതദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പരമാവധി 4.04 ആർ സ്ഥലത്ത് 120m2 വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനാണ് അനുമതി നൽകാൻ കഴിയുന്നത്. അതിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നതിന് ആർ ഡി ഒ യുടെ അനുമതി ഉണ്ടായിരിക്കേണ്ടതാണ്. എന്നാൽ ഫയലിൽ ആർ ഡി ഒ യുടെ അനുമതി ഉൾപ്പെടുത്തിയിട്ടില്ല. ആർ ഡി ഒ യുടെ അനുമതി ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി (16/27.10.2023)നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആർ ഡി ഒ യുടെ അനുമതി ഉത്തരവ് പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 ഫെസ്റ്റിവൽ അഡ്വാൻസ്- മുഴുവൻ തുകയും ക്രമീകരിച്ചിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 115000രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് ഗ്രാമ പഞ്ചായത്തിലെ 7 ജീവനക്കാർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

| വൗച്ചർ നമ്പർ | **ജീവനക്കാരുടെ എണ്ണം** | **നൽകിയ ഫെസ്റ്റിവൽ അഡ്വാൻസ്** | ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| 22200424 /03.9.2022 | 7 | 115000 (5 X 20000+1 X 5000+1 X 10000) | 103000 | 12,000 |

ഫെസ്റ്റിവൽ അഡ്വാൻസായി 20000 രൂപ കൈപ്പറ്റിയ സിമി കെ.എസ് (സീ.ക്ലെർക്ക്) 8000/-രൂപ മാത്രമാണ് തിരിച്ചടവാക്കിയത്. അഡ്വാൻസ് തുക തിരികെ അടവാക്കുന്നതിന് നിലവിൽ ടിയാൾ ജോലി ചെയ്യുന്ന സ്ഥാപന മേധാവിക്ക് കത്ത് നൽകിയിട്ടുള്ളതായി ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ-02/ 21.10.2023/ 2022-23)ക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഡെപ്പോസിറ്റ് വർക്ക്-മുഴുവൻ തുകയ്ക്കുള്ള പൂർത്തീകരണ വിവരം ലഭ്യമായിട്ടില്ല.

പ്രൊജക്ട് നമ്പർ, പേര് : 1/2022-23 സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ.
അടങ്കൽ : 1974000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)
ചെലവ് തുക : 1974000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

സെക്രട്ടറി നിർവഹിച്ച മേൽ പ്രൊജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് മെയിൻ വലിക്കുന്നതിന് കെ.എസ്.ഇ.ബി ചാലിശ്ശേരി സെക്ഷൻ അസി. എഞ്ചിനിയറുടെ കാര്യാലയത്തിൽ നിന്നും തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം താഴെ നൽകിയിട്ടുള്ള

പട്ടിക പ്രകാരമുള്ള തുക ചാലിശ്ശേരി കെ.എസ്.ഇ.ബിയുടെ അക്കൗണ്ടിലേക്ക് (A/C No- 6704318019) നിക്ഷേപിച്ചിട്ടുണ്ട്.

| തുക | വൗച്ചർ നം | പൂർത്തികരണ വിവരം | ബാലൻസ് തുക |
|---|---|---|---|
| 209214 | 22200849/23.01.23 | U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 0 |
| 693840 | 22201124/10.04.23 | 606284/- യ്ക്ക് U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 87556/- |
| 638616 | 22200948/18.02.23 | 551060/- യ്ക്ക് U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 87556/- |
| 241293 | 22201160/31.03.23 | U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 0 |
| 30916 | 22201169/31.03.23 | U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 0 |
| 160121 | 22201157/31.03.23 | U.C ലഭിച്ചു(DB/Work Completion Alamcode GP –23-24/16.10.23) | 0 |
| ആകെ-1974000 | | 1798888 | 175112 |

സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്ക് വേണ്ടി കെ.എസ്.ഇ.ബി ക്ക് മുൻകൂറായി നൽകിയ 1974000/- രൂപയിൽ 1798888/- രൂപയുടെ ജോലികൾ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. ബാക്കി തുക 175112/-രൂപയുടെ വിനിയോഗ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.04/2022-23 തിയ്യതി -25.10.2023)ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട് എന്ന മറുപടി ലഭ്യമാക്കിയെങ്കിലും ആയത് പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല. ആദ്യ മറുപടിയിൽ മേൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 1-23 തെരുവ് വിളക്ക് പരിപാലനം-അപാകതകൾ

**പ്രോജക്ട് നമ്പർ.137/2022-23 (തെരുവ് വിളക്ക് റിപ്പയർ)**

അടങ്കൽ-600000 (തനത് ഫണ്ട്)

ചെലവ്- 500000 (തനത് ഫണ്ട്)

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

**വൗച്ചർ നമ്പർ-22200686/05.12.2022 (400000), 22200975/27.02.2023 (100000)**

പ്രൊജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1) 3055/ഡി.എ 3/2011 തിയതി 15.09.2011 സർക്കുലർ പ്രകാരം കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തെരുവ് വിളക്കുകളുടെ വിവരശേഖരണം നടത്തേണ്ടതാണ് എന്ന് നിർദ്ദേശമുണ്ടെങ്കിലും ആയത് പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്. പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതും പ്രവർത്തനരഹിതവുമായ തെരുവ് വിളക്കുകളുടെ വിവരം (കെ എസ് ഇ ബി പോസ്റ്റിന്റെ നമ്പർ, വാട്സ്, വാർഡ് നമ്പർ, വിളക്കിന്റെ തരം തുടങ്ങി വിവരങ്ങൾ ഉൾപ്പെടെ) ശേഖരിച്ചിട്ടില്ല.

2)പരാതി റജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ തിയ്യതി, പോസ്റ്റ് നമ്പർ, പരാതിക്കാരന്റെ പേര് തുടങ്ങിയ വിവരങ്ങളൊന്നും ഇല്ല. കൂടാതെ മെയിന്റനൻസ് രജിസ്റ്ററും സൂക്ഷിച്ചിട്ടില്ല. (പ്രവർത്തന രഹിതമായ തെരുവുവിളക്ക് പോസ്റ്റ് നം. /പ്രദേശം/വാർഡ് ,വിവരം നൽകുന്ന ആളിന്റെ പേര്, ഫോൺനമ്പർ ,അറ്റകുറ്റപണി നടത്തിയ തീയ്യതി,ഇലക്ട്രീഷ്യന്റെ ഒപ്പ് ,നോഡൽ ഓഫീസറുടെ ഒപ്പ് എന്നീ വിവരങ്ങളടങ്ങിയ രജിസ്റ്റർ ).

3) ഗവ.ഉത്തരവ് നം.ജി2-44274/2015 തി. 17.08.15 പ്രകാരം വാങ്ങുന്ന ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കണം. കേടായ സാധനങ്ങൾ അതാത് ദിവസം തന്നെ തിരികെ കൊണ്ടുവന്ന് Register Of Unserviceable Items ൽ ചേർക്കണം. ഒരു Maintanance Register സെക്രട്ടറി സൂക്ഷിക്കണം. ആയതിന്റെ കൃത്യത ഉറപ്പാക്കണം. ആയവ പാലിക്കപ്പെട്ടിട്ടില്ല.
പദ്ധതി നടത്തിപ്പിലെ അപാകതകൾ പരിഹരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി (09/26.10.2023)ക്ക് ലഭ്യമാക്കിയ

മറുപടിയിൽ അറിയിച്ചു.

അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-24 അനുമതിയില്ലാതെ തനത് ഫണ്ടിൽ നിന്നും പണം ചെലവഴിച്ചു

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് തുക അനുവദിച്ചത് സംബന്ധിച്ച്**

വൗച്ചർ നമ്പർ- 22200197/15.06.2022- 25000/- രൂപ

വൗച്ചർ നമ്പർ- 22200744/23.12.2022- 10000/- രൂപ

02.01.2012ലെ സ.ഉ(സാധാ) നം.03/2012 പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പിലാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അവയുടെ ഭരണ സമിതി തീരുമാന പ്രകാരം 50000/- അനുവദിക്കാവുന്നതാണെന്ന് കാണിച്ച് ജി.എച്ച്.എസ്.എസ് കൊച്ചുർ പ്രധാന അധ്യാപിക നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി 2022-23 സാമ്പത്തിക വർഷത്തിൽ മുകളിൽ നൽകിയിട്ടുള്ള വൗച്ചറുകൾ പ്രകാരം 35000/-രൂപ നൽകിയിരുന്നു. എന്നാൽ 28.05.2022 ലെ സ.ഉ(കൈ) നം.115/2022/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ ഖണ്ഡിക 7.4.4 പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും മാത്രമാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് തുക ചെലവഴിക്കാൻ അനുമതിയുള്ളത്. ആയതിനാൽ നിലവിലുള്ള ഉത്തരവ് പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്ക് പണം അനുവദിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് അനുമതിയില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി (നമ്പർ-18/28.10.2023/ 2022-23)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനാധാരമായ അനുമതി വിവരം ലഭ്യമാക്കുകയോ ചെലവ് തുകക്ക് സർക്കാർ സാധൂകരണം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്. 35000/-രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 മുൻകൂർ നൽകിയ തുകയ്ക്കുള്ള മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല.

**പ്രോജക്ട് നമ്പർ.07/2022-23 (ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ)**

അടങ്കൽ-350000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)

പ്രൊഫോർമ ഇൻവോയിസ് നമ്പർ- PRF 341/16.09.2022

നിർവ്വഹണ ഉദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ(ഹോമിയോ)

പ്രൊജക്ട് പ്രകാരം, മരുന്ന് ലഭ്യമാക്കുന്നതിന് വേണ്ടി, കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് , BRN-22151252036000578547/27.09.2022 പ്രകാരം 350000/- രൂപ നല്കിയിരുന്നു, എന്നാൽ 291005 /- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമായ മരുന്നുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്ര.നം | ഇൻവോയിസ് നമ്പർ | തുക |
|---|---|---|
| 1 | LF-177/03.06.2023 | 218381 |
| 2 | LF-1012/16.08.2023 | 72624 |
| ആകെ 291005 | | |

58995/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ബാലൻസ് തുകക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ-03/25.10.2023/ 2022-23)ക്ക് ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.

## 1-26 ഹോമിയോ ഹോസ്പിറ്റലിലെ പ്രവർത്തന ചെലവ്- മുൻകൂർ ക്രമീകരിച്ചില്ല.

**പ്രോജക്ട് നമ്പർ.237/2022-23 (ഹോമിയോ ഹോസ്പിറ്റൽ പ്രവർത്തന ചെലവ്)**

അടങ്കൽ-100000 (തനത് ഫണ്ട്)

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ മേൽ പ്രോജക്ട് പ്രകാരം ഹോമിയോ ഡിസ്പൻസറിയുടെ കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിന് മെഡിക്കൽ ഓഫീസറുടെ ട്രഷറി അക്കൗണ്ടിലേക്ക് (നമ്പർ-715121440000092) തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ- 22200854/25.01.2023 പ്രകാരം 100000/- രൂപ നൽകിയിരുന്നു. ഈ അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ് പ്രകാരം 18.102023 വരെ ഈ തുകയിൽ നിന്നും 48244/- രൂപയാണ് കണ്ടിജന്റ് ആവശ്യങ്ങൾക്കായി ചെലവഴിച്ചിട്ടുള്ളത്.

കൈമാറി കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾ വഹിക്കുന്നതിന് തുക മുൻകൂറായി നൽകുന്ന കാര്യത്തിൽ , ആയത് ചെലവഴിച്ച് കഴിയുമ്പോൾ 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം ചെലവു രേഖകൾ സമർപ്പിച്ച് മുൻകൂർ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ് എന്ന ചട്ടം പാലിക്കപ്പെട്ടിട്ടില്ല. എന്നാൽ സാമ്പത്തിക വർഷം അവസാനിച്ചതിന് ശേഷം ചെലവായ തുകക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി മുൻകൂർ ക്രമീകരിക്കാതെ ഈ തുക മെഡിക്കൽ ഓഫീസറുടെ ട്രഷറി അക്കൗണ്ടിൽ നിലനിർത്തുന്നത് ക്രമ പ്രകാരമല്ല. ഇപ്രകാരം മുൻകൂർ നൽകിയതിനും ചട്ട പ്രകാരം ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.11/2022-23 തിയ്യതി -27.10.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

ചെലവ് തുകക്കുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി, ബാക്കി തുക ക്രമീകരിക്കേണ്ടതാണ്.

## 1-27 പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്, പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം

പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ, അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ ഫിറ്റനസ് സർട്ടിഫിക്കറ്റ് എന്നിവ പരിശോധിച്ചതിൽ സ്കൂൾ കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല/ സ്കൂളുകളിലെ മുഴുവൻ കെട്ടിടങ്ങൾക്കും ഫിറ്റ്നസ് എടുത്തിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|
| അസ്സബാഹ് റെസിഡെൻഷ്യൽ എച്ച്.എസ്.എസ് പാവിട്ടപ്പുറം | 11/427 A<br>11/427 | 632.15 ച.മീറ്റർ<br>4286.05 ച.മീറ്റർ<br>Total- 4918.2 ച.മീറ്റർ | 438 ച.മീറ്റർ |
| അൽ ഫലാഹ് എ.എം.എം എഡ്യൂക്കേഷൻ ട്രസ്റ്റ് | 2/357<br>2/186 | 100 ച.മീറ്റർ<br>200ച.മീറ്റർ<br>Total- 300 ച.മീറ്റർ | 677.5 ച.മീറ്റർ |
| ശാസ്ത ഇംഗ്ലീഷ് മീഡിയം സ്കൂൾ, ചങ്ങരംകുളം | 16/323 | 50 ച.മീറ്റർ | 127.343 ച.മീറ്റർ |
| കെ.വി.യു.പി.എസ് കക്കിടിപ്പുറം | 3/312A | 278.48 ച.മീറ്റർ | 375.05 ച.മീറ്റർ |
| എ.എം.എൽ.പി.എസ് കക്കിടിപ്പുറം | 3/308 | 50 ച.മീറ്റർ | 340.49 ച.മീറ്റർ |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. സ്കൂളുകളുടെ കെട്ടിട നമ്പർ സംബന്ധിച്ച വ്യക്തമായ വിവരം ലഭിക്കാത്തതിനാൽ മുഴുവൻ സ്കൂളുകളുടെയും കെട്ടിടങ്ങൾ പഞ്ചായത്തിൽ നിന്ന് നമ്പർ നേടി അധികൃതമാക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കാനായിട്ടില്ല. ഏതാനും സ്കൂളുകൾ ഫിറ്റ്നസ്സ് എടുക്കാതെയും പ്രവർത്തിക്കുന്നുണ്ട്. ഉപയോഗക്രമം വിദ്യാഭ്യാസ ആവശ്യം ആയി കാണിച്ചിട്ടുള്ള കെട്ടിടങ്ങളുടെ സഞ്ചയ പത്രിക പ്രകാരം (Form VI) ൽ കെട്ടിട ഉടമസ്ഥന്റെ പേര് വിവരങ്ങളുടെ കൂട്ടത്തിൽ സ്ഥാപനത്തിന്റെ പേര് വിവരം ഉൾപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ.17/2022-23 തിയ്യതി -28.10.2023)ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്കൂൾ കെട്ടിടങ്ങൾ പരിശോധിച്ച് അനധികൃത കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ മുഴുവൻ വിസ്തൃതിയും ഫിറ്റ്നെസ് നേടിയാണോ പ്രവർത്തിക്കുന്നത് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. സഞ്ചയയിൽ കെട്ടിടത്തിന്റെ വിവരങ്ങളിൽ സ്ഥാപനത്തിന്റെ പേര് ചേർക്കേണ്ടതാണ്.

## 1-28 CHC യിലേക്ക് മരുന്ന് വാങ്ങൽ- മുഴുവൻ തുകക്കുള്ള മരുന്നുകളും ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2022-23 സാമ്പത്തിക വർഷത്തിൽ CHC യിലേക്ക് മരുന്നു വാങ്ങുന്നതിന് വേണ്ടി റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും 5,00,000 രൂപ പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. എന്നാൽ മുഴുവൻ തുകക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് | PHC/CHC കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ<br>(പ്രോജക്ട് നമ്പർ.12/2022-23) |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ (അലോപ്പതി) |
| അടങ്കൽ | 500000 (Maintanance Fund- Non Road) |

| | |
|---|---|
| ചെലവ് | **(A).** 57797/-<br>BRN-<br>22151252035900413773/10-08-22<br>നീതി മെഡിക്കൽ സ്റ്റോർ, എടപ്പാൾ<br>Bill NO. 223221101492/13.07.2022,<br>Bill NO. 223221101492/11.07.2022<br>**(B)** 442203/-<br>BRN<br>-22151252035900658989/17.10.2022<br>KMSCL, Performa Invoice No. PRF<br>1618/12.10.22 |

അംഗീകൃത പ്രൊജക്ട് പ്രകാരം അനുവദിക്കപ്പെട്ട 500000 രൂപയിൽ 57797 രൂപയുടെ മരുന്ന് എടപ്പാൾ നീതി സ്റ്റോറിൽ നിന്ന് വാങ്ങുകയും അത് സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 442203 രൂപ മേൽ പട്ടികയിൽ പറഞ്ഞ പ്രകാരം KMSCL ന് നൽകിയിട്ടുണ്ട്. ഈ തുകയിൽ 46147.10 രൂപയുടെ മരുന്ന് ഇനിയും ലഭിച്ചിട്ടില്ല. ഈ തുകക്കുള്ള മരുന്ന് ലഭിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 2022-23 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 760000 | 211/23- ലൈഫ് ഭവന പദ്ധതി (SCP) | 760000 | 0 |
| | 120000 | 210/23- ലൈഫ് ഭവന പദ്ധതി-ജനറൽ | 120000 | 0 |
| | 125000 | 6/23- അനുപൂരക പോഷകാഹാര പദ്ധതി | 125000 | 0 |

| | | | | |
|---|---|---|---|---|
| | 335000 | 79/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 335000 | 0 |
| | 300000 | 199/23- ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 300000 | 0 |
| ആകെ | 1640000 | | 1640000 | |
| ജില്ലാ പഞ്ചായത്ത് | 165000 | 79/23- ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 165000 | 0 |
| | 130000 | 181/23- എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 130000 | 0 |
| | 1468035 | 110/23- നെൽകൃഷി വികസന പദ്ധതി | 1468035 | 0 |
| | 1763035 | | 1763035 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വൗച്ചർ നം | ചെല വഴിച്ച തുക | പൂർത്തികരണ വിവരം | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| KSEB | 1/2022-23, സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ. | 209214 | 22200849/23.01.23 | 209214 | U.C ലഭിച്ചു. | 0 |
| | | 693840 | 22201124/10.04.23 | 606284 | 606284/- രൂപ യ്ക്ക് U.C ലഭിച്ചു | 87556/- |
| | | 638616 | 22200948/18.02.23 | 551060 | 551060/- രൂപ യ്ക്ക് U.C ലഭിച്ചു | 87556/- |
| | | 241293 | 22201160/31.03.23 | 241293 | U.C ലഭിച്ചു. | 0 |
| | | 30916 | 22201169/31.03.23 | 30916 | U.C ലഭിച്ചു | 0 |
| | | 160121 | 22201157/31.03.23 | 160121 | U.C ലഭിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | തൻ വർഷം ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഭവന പദ്ധതി ലോൺ | ലഭ്യമല്ല | 10770396 | 8020195 | 2741767 | | 16048824 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 14600 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 14600 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 14600 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം**

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ്, | 1000 | 3/27.07.1977 |
| ദി പൊന്നാനി മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് | 13600 | 19/31.03.1970 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 55566 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രസീതി നമ്പർ |
|---|---|---|---|---|
| 2021-22 | 1-15 | 13200 | പ്രിൻസിപ്പാൾ,അൽ ഫലാഹ് എ എം എം ഇംഗ്ലീഷ് സ്കൂൾ | 1220301102/17.01.2023 |
| 2020-21 | 3-2 | 10413 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103525/09.11.2022 |
| 2019-20 | | 6919 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103544/10.11.2022 |
| 2019-20 | | 5243 | ഓവർസീയർ | 1220103632/15.11.2022 |
| 2019-20 | | 3190 | ഓവർസീയർ | 1220103633/15.11.2022 |
| 2019-20 | | 1670 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103706/23.112022 |
| 2019-20 | | 3373 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220103597/14.11.2022 |
| 2019-20 | | 868 | അസിസ്റ്റന്റ് എഞ്ചിനീയർ | 1220303773/03.03.2023 |

| | | | | |
|---|---|---|---|---|
| 2021-22 | 1-15 | 10690 | പ്രിൻസിപ്പാൾ, ദാറുസലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 1220302418/13.02.2023 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 44 | 2003-04 | പൊതു പരാമർശം | ട്രാക്ടർ വാങ്ങിയതിലെ അപാകത | നടപടി തുടരുന്നു. |
| - | | 2013-14 | ലഭ്യമല്ല | ലഘു അവലോകനം (പെർഫോമൻസ് ഗ്രാന്റ്) | നടപടി തുടരുന്നു. |
| 2017-18 | 3(1) | 2018-19 | ലഭ്യമല്ല | വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കെട്ടിടത്തിൽ അറ്റകുറ്റ പണി | നടപടി തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1998 -99 | 40, 46, 47 | പി. സുബ്രഹ്മണ്യൻ സെക്രട്ടറി പഞ്ചായത്ത് വകുപ്പ് | LF 22378/ Spl.cell/ SC5/04 17.5.06 | 1,77,855 | | | 1,77,855 | | | | ഒപി-245/06 ഡി.സി. മഞ്ചേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 199255341 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 184405107 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 48382 |

(ആകെ വരവിലും ചെലവിലും വിവിധ ഫണ്ടിനങ്ങളിലുള്ള വരവ് ചെലവുകളും തൊഴിലുറപ്പ് പദ്ധതിയിൽ ഗുണഭോക്താക്കൾ നേരിട്ട് നൽകുന്ന തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖ.നം | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 13382 | ശ്രീമതി.സൂസൻ എബ്രഹാം ,അസി. എഞ്ചിനീയർ |
| 1-24 | 35000 | ശ്രീ. അനൂപ് സി എൻ, സെക്രട്ടറി -25000<br>ശ്രീ. ശ്രീജിത്ത് പി, സെക്രട്ടറി -10000 |
| ആകെ | 48382 | |

**സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| | | |
|---|---|---|
| 1998-99 | കെഎസ്എ.എംപി.എം.5/1667/2022(2) തിയ്യതി-08.08.2023 | 5 |
| 1999-20 | കെഎസ്എ.എംപി.എം.17/1810/14 തിയ്യതി-16.02.2015 | 9 |
| 2001-02 | കെഎസ്എ.എംപി.എം.5/1542/2023 തിയ്യതി-08.08.2023 | 3 |
| 2002-03 | എൽ.എഫ്.എം.8/1775/07 തിയ്യതി-23.01.2009 | 11 |
| 2003-04 | എൽ.എഫ്.എം.8/1776/07 തിയ്യതി-23.01.2009 | 05 |
| 2004-05 | കെഎസ്എ.എംപി.എം.5/197/22(1) തിയ്യതി-10.07.2023 | 07 |
| 2005-06 | എൽ.എഫ്.എം.8/1778 തിയ്യതി-23.01.2009 | 13 |
| 2006-07 | കെഎസ്എ.എംപി.എം.28/1835/19 തിയ്യതി-03.09.2019 | 10 |
| 2007-08 | കെഎസ്എ.എംപി.എം.5/197/22(2) തിയ്യതി-21.10.2022 | 08 |
| 2008-09 | കെഎസ്എ.എംപി.എം.5/197/22(3) തിയ്യതി-21.10.2022 | 09 |
| 2009-10, 2010-11 | കെഎസ്എ.എംപി.എം.5/197/22(4) തിയ്യതി-21.10.2022 | 16 |
| 2011-12, 2012-13 | കെഎസ്എ.എംപി.എം.17/440/15 തിയ്യതി-28.11.2015 | 30 |
| 2013-14, 2014-15 | കെഎസ്എ.എംപി.എം.28/1406/16 തിയ്യതി-09.05.2017 | 19 |

| | | |
|---|---|---|
| 2015-16 | കെഎസ്എ.എംപി.എം.28/3275/16 തിയ്യതി-08.02.2018 | 22 |
| 2016-17 | കെഎസ്എ.എംപി.എം.28/1426/17 തിയ്യതി-08.05.2018 | 12 |
| 2017-18 | കെഎസ്എ.എംപി.എം.28/1865/19 തിയ്യതി-17.09.2019 | 16 |
| 2018-19 | കെഎസ്എ.എംപി.എം.28/2821/20 തിയ്യതി-06.02.2021 | 12 |
| 2019-20 | കെഎസ്എ.എംപി.എം.5/656/22 തിയ്യതി-06.08.2022 | 22 |
| 2020-21 | കെഎസ്എ.എംപി.എം.5/657/22/9.5.22 തിയ്യതി-10.07.2023 | 14 |
| 2021-22 | കെഎസ്എ.എംപി.എം.5/3009/22/20.04.2023 | 19 |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 10/1 dated 31-07-2023 and submitted on 31-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Alamcode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Alamcode Grama Panchayat for the year 2022-2023

**Date: 06/12/2023**

**Deputy Director**
**District Office Malappuram**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Alamcode Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

1.The following mandatory financial statements prescribed in accounting rules of Kerala Panchayath Raj (Accounts),2011 are not submitted for audit.

a.Ratios

b.Notes on accounts

c. Comparative amounts of previous year.

2.Cashflow statement - Net increase in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3.Lapses in making timely and accurate demand entries in respect of tax and non tax revenue.

4.Property tax demand, collection and balance as per Sanchaya DCB form not matching with AFS

5.The accounts recorded on Deposit Register, Advance register,Rent Register,Auction Register,Asset Register,License Register are not match with the accounts concerned in Annual Financial statements. Loan Register is not submitted for audit.

6. Expenditure on marriage assistance is not included in the AFS(I-14d)

7.The following Grant liability amount shown as liability in Balance sheet does not match with Bank account opened for the specified grant amount.

| Item | B-4 | B-17 |
|---|---|---|
| Health grant towards support for diagnostic Infrastructure to the PHC | 297031 | 136504 |

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ ആലംകോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്